**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4610** **13-03-2023 - ൽ മറുപടിയ്ക്ക്**

**കുത്തുപറമ്പ് മണ്ഡലത്തിലെ ആദിവാസി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം ഗ്രാമപഞ്ചായത്തിലെ മുണ്ടയാട്, കടവ് എന്നീ ആദിവാസി കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ; | (എ) | കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം ഗ്രാമപഞ്ചായത്തിലെ കടവിൽ, മുണ്ടയോട് കോളനികൾ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കോളനികളിൽ നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് ഊരുകൂട്ട നിർദ്ദേശങ്ങൾ പ്രകാരം 1.78 കോടി രൂപയുടെ ഡി.പി.ആർ കണ്ണൂർ ജില്ലാ നിർമ്മിതി കേന്ദ്ര ലഭ്യമാക്കിയിരുന്നു. ആയതിൽ മുൻഗണനാടിസ്ഥാനത്തിൽ ഒരു കോടി രൂപയുടെ പ്രവൃത്തികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ട്. അത് പ്രകാരം ഡി.പി.ആർ പുതുക്കി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്ക് സമർപ്പിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളനികളിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലെ പ്രവൃത്തികൾക്ക് അനുവദിച്ച ഫണ്ടിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ തെരഞ്ഞെടുക്കുന്ന എല്ലാ കോളനികളുടെയും വികസന പ്രവർത്തനങ്ങൾക്ക് 1 കോടി രൂപ വീതമാണ് അനുവദിക്കുന്നത്. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ കാലപ്പഴക്കമുള്ള സാംസ്കാരിക നിലയം പൊളിച്ചുമാറ്റി ആധുനിക സൗകര്യത്തോട് കൂടിയ ഒരു വായനശാല ഉൾപ്പെടുന്ന സാംസ്കാരിക നിലയം പുനർനിർമ്മിക്കുന്നതിന് പട്ടികവർഗ്ഗ ക്ഷേമത്തിനുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ? | (സി) | പ്രസ്തുത സാംസ്കാരിക നിലയം വകുപ്പിന്റെ മറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ